*വികാരിയിൽ നിന്ന്*





ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രീയരെ

കർത്താവിന്റെ തിരുപ്പിറവിയെ അനുസ്മരിപ്പിക്കുന്ന നാളുകളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ദൈവം നമ്മോടു കൂടെ എന്നതാണ് ക്രിസ്തുമസ്സിന്റെ ശരിയായ അർത്ഥം. നമ്മുടെ ജീവിതാനുഭവങ്ങളിൽ ദൈവം നമ്മോട് കൂടെ എന്ന് പറയുവാൻ സാധിക്കുമെങ്കിൽ അവിടെയാണ് ക്രിസ്തുമസ്സിന്റെ അർത്ഥം വെളിവാകുന്നത്. ബോബി ജോസ് കട്ടിക്കാട് അച്ചന്റെ "രമണീയം ഈ ജീവിതം" എന്ന പുസ്തകത്തിൽ അച്ചൻ ഇപ്രകാരം പറയുന്നുണ്ട് ഇപ്പോൾ എല്ലാവരും ഒത്തിരി മിണ്ടുന്നു എന്നാൽ ഒന്നും പറയുന്നുമില്ല രണ്ടു വാക്കുകളുടെയും അർത്ഥം ഒന്നുതന്നെയാണെന്ന് തോന്നിയാലും ഒരുപാട് അന്തരങ്ങൾ ഉണ്ട് .

കാമ്പില്ലാത്ത ഭാഷണങ്ങളുടെ മൂഖരിതമായ അന്തരീഷത്തിലാണ് നാം ജീവിക്കുന്നത് ഇത്തരം ഭാഷണങ്ങൾ ആന്തരീക ജീവിതത്തിനേൽപ്പിക്കുന്ന പരുക്കുകൾ കാണാതെ പോകരുത്. ഇത്തരം ഭാഷണങ്ങൾ അപരന്റെ ആന്തരിക ജീവിത്തിനേൽപ്പിക്കുന്ന പരുക്കുകൾ കാണാതെ പോകരുത്. ഇത്തരം ഭാഷണങ്ങളുടെ ഒരു വേദിയായി നമ്മുടെ ഇടവക മാറ്റപ്പെടുന്നുവോ എന്ന സ്വയം വിചിന്തനം നമുക്ക് ആവശ്യമാണന്ന് തോന്നി പോകുന്നു. ആത്മീയത കുറെ കൂടി നിശബ്ദമാകനുള്ള ക്ഷണമാണ്. ക്രിസ്തു അതുകൊണ്ടാണ് മരുഭൂമിയിലേക്ക് പോയത്. അഗാധമായ നിശബ്ദതയിൽ കുറഞ്ഞത് മൂന്നു കാര്യങ്ങൾ എങ്കിലും സംഭവിക്കുന്നുണ്ട്. ആദ്യത്തേത് സ്വയം കണ്ടെത്തലാണ്. കലക്കവെള്ളത്തിലെങ്ങനെ മുഖം കാണുവാനാകുമെന്നു മരുഭൂമിയിലെ പിതാക്കന്മാർ വ്യാകുലപ്പെടുന്നത് അതുകൊണ്ടാണ്. മൗനവും ഒരു കണ്ണാടിയാണ് സ്വയം കണ്ടെത്താനും തിരുത്തുവാനുമുള്ള ദർപ്പണം മൗനം ആരെയും മുനിയാക്കും ഒരാൾക്കും അപരനുമിടയിലുള്ള ബന്ധത്തിൽ മൗനം പോലെ ദൃഢമായ ഒരു പാലമില്ല. പറയുന്നത് മാത്രം കേൾക്കുന്ന ബന്ധങ്ങൾക്ക് അധികമായുസ്സില്ല പറയുന്നത്കൂടി വെളിപ്പെട്ടുകിട്ടേണ്ടേതില്ലേ. വെറുതെയല്ല ഇയ്യോബ് തന്റെ സ്നേഹിതരോട് പറയുന്നത് ഭാഷണങ്ങൾ അവസാനിപ്പിച്ച് നിങ്ങൾ എന്നോടൊപ്പം നിശബ്ദനായിരുന്നുവെങ്കിൽ (ഇയ്യോബ് 2 : 12) ഏഴ് ദിവസമവർ അയാളോടൊപ്പം നിശബ്ദനായിരുന്നു പരുക്ക് പറ്റിയ മനുഷ്യരെ നമ്മുടെ ഭാഷണങ്ങൾ കൊണ്ട് കൂടുതൽ ഭാരപ്പെടുത്തരുത്.

പരീക്ഷയിൽ തോറ്റ മകളെ വെറുതെ നെഞ്ചോടു ചേർത്ത് പിടിക്കുക , ഒരു വാക്കും പറയാതെ. ഇതിന്റെയർത്ഥം മിണ്ടാരുതെന്നല്ല മിണ്ടാം. നിങ്ങളുടെ വാക്കുകൾക്കു മൗനത്തെക്കാൾ സുഗന്ധവും പ്രകാശവും ഉണ്ടെങ്കിൽ അങ്ങനെ ദൈവ സാന്നിധ്യം

അപരന് പകർന്ന് നൽകുവാൻ കഴിയുംമ്പോഴാണ് 'ദൈവം നമ്മോടു കൂടെ' (ഇമ്മാനുവേൽ) എന്നത് അർത്ഥപൂർണ്ണമാകുന്നത്. യഥാർത്ഥ മായ ക്രിസ്തുമസ് മറ്റൊന്നാണ് എന്ന് ഞാൻ ചിന്തിക്കുന്നില്ല. എല്ലാ വർക്കും അനുഗ്രഹിക്കപ്പെട്ട ഒരു ക്രിസ്തുമസ്സും പുതുവത്സരവും ആശ ംസിക്കുന്നു.

നമ്മുടെ ഇടവക ദിനവും ഇടവക പിക്നിക്കും അനുഗ്രഹിക്കപ്പെട്ട നിലയിൽ ക്രമീകരിക്കുവാൻ ദൈവം സഹായിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ അനുഗ്രഹിക്കപ്പെട്ട നേതൃത്വം നമുക്ക് ലഭിച്ചു. അഭിവന്ദ്യ തിരുമേനിയോടുള്ള നിസ്സീമ മായ നന്ദി അറിയിക്കുന്നു. ഇടവക പിക്നിക്, ഇടവക ജനങ്ങളുടെ സഹകരണവും പങ്കാളിത്വവും കൊണ്ട് ശ്രദ്ധിക്കപ്പെട്ടു. അതിന്റെ  കൺവീനർമാരായി പ്രവർത്തിവച്ച ശ്രീ. റെജി, ശ്രീ.ഷിജോ എന്നിവരോടും, ഭക്ഷണ ക്രമീ കരണങ്ങൾക്ക്  സഹായിച്ച ഇടവക ജനങ്ങ ളൊടും, ഗെയിംസ് ക്രമീ കരണങ്ങൾക്ക്  നേത്രത്വം നൽകിയ യുവജ ന സഖ്യം പ്രവർത്തകരോടു മുള്ള ഹൃദയംഗമമായ നന്ദി പ്രകാശിപ്പി ക്കുന്നു. ഉപരിവിപ്ലവമായ ബന്ധത്തേക്കാൾ ആഴമേറിയ ബന്ധങ്ങൾ രൂപപ്പെടുവാൻ ഇത്തരം കൂടിവരവുകൾ  സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച്ച യോഹന്നാൻ സ്നാപകന്റെ ജനനമാണ് ചിന്താവിഷയം  ഈ പൈതൽ  എന്താകും എന്ന ചോദ്യം വളരെ പ്രശസ്ക്തം ആണ്. ദൈവ സന്നിധിയിൽ നീതി യുള്ളവരും നിഷ്കളങ്കരുമായ മാതാപിതാക്കൾക്ക് ദൈവം നൽകിയ ദാനമാണ് യോഹന്നാൻ സ്നാപകൻ. സമർപ്പിക്കപ്പെട്ട കുടുംബങ്ങളി ലാണ് സമർപ്പണമുള്ള തലമുറ രൂപപ്പെടുന്നത്.

ഡിസംബർ 13-ാം  തീയതി വെള്ളിയാഴ്ച്ച യോസഫിനോടുള്ള അറിയിപ്പാണ് നാം ചിന്തിക്കുന്നത്. ദൈവീകമായ അരുളപ്പാടുകൾ വേദനയുളവക്കുന്നതെങ്കിലും അത് സ്വീകരിക്കുന്ന യോസഫിനെ നാം കാണുന്നു

ഡിസംബർ 20-ാം തീയതി വെള്ളിയാഴ്ച്ച നമ്മുടെ കർത്താവ് വരുന്നു എന്നതാണ് ചിന്താവിഷയം പരിമിതികളില്ലത്തവൻ പരിമിതിയുള്ള ലോകത്തിലേക്ക് അനന്തമായി പരിമിതികളുള്ളവരെ ചേർത്ത്  പിടി ക്കുവാൻ നമുക്ക് കഴിയണം .

ഡിസംബർ 27-ാം തീയതി വെള്ളിയാഴ്ച്ച മഹത്വത്തിന്റെ പ്രത്യശയായ ക്രിസ്തു എന്നതാണ് നാം ചിന്തിക്കുന്നത് കാൽവറി കുരിശിലാണ് കർത്താവിന്റെ മഹത്വം വെളിപ്പെട്ടത്. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിനെ ലോകത്തിന് പകർന്നു നൽകുവാൻ നമുക്ക് കഴിയണം.

ഒരാൾ ഒരു വഞ്ചിയിലിരുന്ന് മെഴുകുതിരി വെട്ടത്തിൽ പുസ്ത കം വായിക്കുകയായിരുന്നു വീശിയടിച്ച കാറ്റിൽ മെഴുകുതിരി കെട്ടു പോയി അയാൾക്കൊന്നും കാണുവാൻ കഴിയുമായിരുന്നില്ല. കുറച്ചു നേരത്തെ ഇടവേളക്ക് ശേഷം മിഴി തുറന്ന് നോക്കുമ്പോൾ എങ്ങും നിലാവാണ് അയാൾ പിന്നീട് എഴുതി എന്റെ  അഹത്തിന്റെ മെഴുകുതിരി അണഞ്ഞു പോകട്ടെ അങ്ങനെ നിന്റെ നിലാവിൽ ഞാൻ സ്നാനം ചെയ്യട്ടെ. 2019 അവസാനിക്കുമ്പോൾ ഈ പ്രാർത്ഥന നമ്മുടെ പ്രാർത്ഥന യായി തീരട്ടെ നമ്മുടെ ശാഠ്യങ്ങളുടെയും അഹത്തിന്റെയും മെഴുകുതി രി അണയട്ടെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കൂട്ടായ്മയു ടെയും നിലാവ് പുതിയ വർഷം നമ്മിൽ ഉദിക്കട്ടെ.

പ്രാർത്ഥനയോടെ സാമാച്ചൻ